പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 5854 25.05. 2017 ൽ മറുപടിക്ക്

**സ്കൂളുകളിൽ നടപ്പിലാക്കി വരുന്ന സ്മാർട്ട് എനർജി പ്രോഗ്രാം**

ചോദ്യം

ശ്രീ.ഡി.കെ.മുരളി

ഉത്തരം

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) എനർജി മാനേജ്മെന്റ് സെന്റർ നടപ്പിലാക്കി വരുന്ന സ്മാർട്ട് എനർജി പ്രോഗ്രാം സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ നടപ്പിലാക്കി വരുന്നു എന്ന് വിശദമാക്കാമോ;<br>(ബി) ഈ പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ; ഇതിൽ അംഗമാകുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിഷ്കർഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;<br>(സി) ഈ പദ്ധതി പ്രകാരം സ്കൂളുകൾക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണ്? | (എ) സ്മാർട്ട് എനർജി പ്രോഗ്രാം 2016-17-ന്റെ ഭാഗമായി കേരളത്തിലെ 4270 സ്കൂളുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>(ബി) കേരള സംസ്ഥാനത്തിലെ സർക്കാർ, എയിഡഡ്, സി.ബി.എസ്.ഇ സ്കൂളുകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടുള്ളത്. ഇവയിൽ ഹൈസ്കൂൾ/യു.പി സ്കൂളുകളും ഉൾപ്പെടുന്നു.<br><br>(സി)ഈ പദ്ധതി പ്രകാരം സ്കൂളുകളിൽ ഊർജ്ജസംരക്ഷണ ക്ലാസുകൾ കൈകാര്യം ചെയ്യുവാൻ റിസോഴ്സ് പേഴ്സൺമാരുടെ സേവനം സൗജന്യമായി നൽകിവരുന്നു. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന സംസ്ഥാനത്തെ 500 സ്കൂളുകൾക്ക് ഊർജ്ജകാര്യക്ഷമ ഉപകരണങ്ങൾ നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ